ധനം
BUSINESS MAGAZINE

MANAGEMENT
മാനേജ്മെന്റ്



ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# ഇറാൻ യുദ്ധം: രണ്ട് വഴികൾ ഏതൊക്കെ?

### ട്രംപ് ആരംഭിച്ച 'ആഗോള വ്യാപാര യുദ്ധ'ത്തെ കുറിച്ച് സംരംഭകർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

പ്രസിഡന്റ് ട്രംപ് ആരംഭിച്ച 'ആഗോള വ്യാപാര യുദ്ധം' കാരണം ആഗോള സമ്പദ്‌വ്യവസ്ഥയുടെ ഭാവിയിൽ എനിക്ക് പരിചയമുള്ള എല്ലാ ബിസിനസുകാരും വലിയ ആശങ്കയിലാണ്. ആഗോളതലത്തിൽ എന്താണ് സംഭവിക്കുന്നത്, എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത് എന്നൊക്കെ അറിയേണ്ടതും, അതിജീവനത്തിനും വിജയത്തിനുമായി ഭാവി സാഹചര്യങ്ങൾ മനസിലാക്കേണ്ടതും ബിസിനസുകാർക്ക് ഇന്ന് പ്രധാനമാണ്.

ഗ്രേറ്റ് പവർ സൈക്കിൾ അടിസ്ഥാനമാക്കി, എന്റെ 'ഗ്ലോബൽ പ്രെഡിക്ഷൻ മോഡൽ' ഉപയോഗിച്ച് ഇറാനുമായുള്ള നിലവിലെ സംഘർഷത്തെ ഞാൻ വിശകലനം ചെയ്തു. ഈ സിദ്ധാന്തമനുസരിച്ച് ലോകം ഇപ്പോൾ ഈ ചക്രത്തിന്റെ അവസാന ഘട്ടത്തിലാണ്. പ്രബല ശക്തിയും (അമേരിക്ക) വളർന്നുവരുന്ന ശക്തിയും (ചൈന) തമ്മിലുള്ള സംഘർഷമാണ് ഈ ഘട്ടത്തിന്റെ പ്രത്യേകത. ആഭ്യന്തര കലഹങ്ങളും ഉയർന്ന കടബാധ്യതയും ഈ കാലഘട്ടത്തെ അടയാളപ്പെടുത്തുന്നു. ഈ മോഡൽ അനുസരിച്ച് ഇറാൻ യുദ്ധത്തിന്റെ സാധ്യമായ രണ്ട് വഴികൾ താഴെ പറയുന്നവയാണ്.



| ഘടകം | പെട്ടെന്നുള്ള അന്ത്യം (20 ശതമാനം) | ദീർഘകാല യുദ്ധം (80 ശതമാനം) |
|---|---|---|
| പ്രധാന തീരുമാനമെടുക്കുന്നവർ | അമേരിക്ക, ഇസ്രയേൽ, ഇറാൻ. | അമേരിക്ക, ചൈന, റഷ്യ (നിഴൽ ശക്തികൾ). |
| സൈനിക തന്ത്രം | നേരിട്ടുള്ള ഏറ്റുമുട്ടൽ ഒഴിവാക്കൽ/ വ്യോമാക്രമണം. | കരസേന അധിനിവേശത്തിന് സാധ്യത (ഖാർഗ് ഐലൻഡ്). |
| എണ്ണ വില | 80 ഡോളറിൽ സുസ്ഥിരമാകുന്നു. | 150 ഡോളറിന് മുകളിലേക്ക് കുതിക്കുന്നു (ആഗോളതലത്തിൽ). |
| ആഗോള സമ്പദ്‌വ്യവസ്ഥ | സാവധാനത്തിലുള്ള വീണ്ടെടുപ്പ്; പണപ്പെരുപ്പ സമ്മർദ്ദം. | ആഗോള സാമ്പത്തിക മാന്ദ്യം; കടുത്ത ഊർജ പ്രതിസന്ധി. |
| അമേരിക്കയിലുണ്ടാകുന്ന ആഘാതം | ഇടക്കാല തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ 'വിജയം'. | ആഭ്യന്തര സമ്പദ്‌വ്യവസ്ഥയെ സംരക്ഷിക്കാൻ കയറ്റുമതി നിരോധനം. |
| ഇന്ത്യയിലുണ്ടാകുന്ന ആഘാതം | നിയന്ത്രിക്കാവുന്ന ഊർജ ചെലവുകൾ. | ഇരട്ട പ്രതിസന്ധി: ഉയർന്ന എണ്ണ വിലയും പ്രവാസി സമൂഹത്തിനുള്ള പ്രതിബന്ധങ്ങളും. |
| ജിസിസി സമ്പദ്‌വ്യവസ്ഥ | വീണ്ടെടുപ്പിനുള്ള സാധ്യത. | കടുത്ത സാമ്പത്തിക മാന്ദ്യം; നിക്ഷേപങ്ങളുടെ പിൻവാങ്ങൽ. |

## യുഎസ്-ചൈന നിഴൽ യുദ്ധം

മുമ്പത്തെ സംഘർഷങ്ങൾ പ്രാദേശികമായി തോന്നിയിരുന്നെങ്കിലും, 2026ലെ യുദ്ധം അമേരിക്കയും ചൈനയും തമ്മിലുള്ള ആദ്യത്തെ യഥാർത്ഥ നിഴൽ യുദ്ധമായി മാറിയിരിക്കുന്നു.

ബീജിങ്ങിനെ സംബന്ധിച്ചിടത്തോളം ഇത് നിലനിൽപിന്റെ പ്രശ്നമാണ്. ചൈനയുടെ എണ്ണ ഇറക്കുമതിയുടെ 50 ശതമാനവും ഹോർമുസ് കടലിടുക്ക് വഴിയാണ് കടന്നുപോകുന്നത്. അമേരിക്ക ജയിച്ചാൽ ഈ കടലിടുക്കിന്മേൽ അവർക്ക് നിയന്ത്രണം ലഭിക്കും. ഇത് ചൈനീസ് സമ്പദ്‌വ്യവസ്ഥയെ തളർത്താനുള്ള ഒരു 'കിൽ സ്വിച്ച്' വാഷിങ്ടണിന് നൽകും.

തൽഫലമായി, ചൈനയും റഷ്യയും ഇറാന് അഭൂതപൂർവമായ പിന്തുണ നൽകുന്നു.

- **റഷ്യൻ ഇന്റലിജൻസ്:** യുഎസ്-ഇസ്രയേൽ ആശയവിനിമയങ്ങൾ ചോർത്താൻ റഷ്യ അത്യാധുനിക സിഗ്നൽ ഇന്റലിജൻസ് നൽകുന്നു.
- **ചൈനീസ് ഇന്ധനം:** റോക്കറ്റ് ഇന്ധനത്തിന് ആവശ്യമായ രാസവസ്തുക്കൾ യുദ്ധത്തിന് മുമ്പ് തന്നെ ചൈന വൻതോതിൽ വിതരണം ചെയ്തു.
- **മെച്ചപ്പെട്ട കൃത്യത:** മുമ്പത്തെ 12 ദിവസത്തെ യുദ്ധത്തിൽ നിന്ന് വ്യത്യസ്തമായി, ഇറാന്റെ ആക്രമണങ്ങൾ അതിശക്തവും കൃത്യവുമാണ്. കാരണം, ലക്ഷ്യസ്ഥാനങ്ങൾ നിർണയിക്കുന്നതിനായി അവർ ചൈനയുടെ 'ബെയ്ഡു' നാവിഗേഷൻ സാറ്റ്ലൈറ്റ് സംവിധാനമാണ് ഉപയോഗിക്കുന്നത്. ഇത് പരമ്പരാഗതമായ സിഗ്നൽ ജാമിങ് ശ്രമങ്ങളെ മറികടക്കാൻ അവരെ സഹായിക്കുന്നു.

## സാഹചര്യം 1: പെട്ടെന്നുള്ള അന്ത്യം
**(20 ശതമാനം സാധ്യത)**

ഈ യുദ്ധം പെട്ടെന്ന് അവസാനിക്കാൻ 20 ശതമാനം സാധ്യത മാത്രമേയുള്ളൂ. ഇത് മൂന്ന് ഘടകങ്ങളെ- അമേരിക്ക, ഇസ്രയേൽ, ഇറാൻ എന്നീ രാജ്യങ്ങളെ ആശ്രയിച്ചിരിക്കുന്നു.

- **ട്രംപ് മിഡ്-ടേം ഫാക്ടർ:** 2026 നവംബറിലെ ഇടക്കാല തിരഞ്ഞെടുപ്പ് അടുക്കുന്നതിനാൽ സമ്പദ്‌വ്യവസ്ഥ സുസ്ഥിരമാക്കാൻ ട്രംപിന് മേൽ സമ്മർദ്ദമുണ്ട്.
- **മിസൈലുകളുടെ കുറവ്:** പുറത്തുനിന്നുള്ള പിന്തുണ ഉണ്ടെങ്കിലും, ബാലിസ്റ്റിക് മിസൈൽ ശേഖരം തീർന്നുപോകുന്നു എന്നതാണ് ഇറാൻ നേരിടുന്ന പ്രശ്നം.
- **അതിജീവന മനോഭാവം:** ആഭ്യന്തര സമ്മർദ്ദങ്ങളും തകർന്നുകൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥയും അഭിമുഖീകരിക്കുന്ന ഇറാനിയൻ ഭരണകൂടം, ഒരു പൂർണ യുദ്ധത്തേക്കാൾ തങ്ങളുടെ അതിജീവനത്തിന് മുൻഗണന നൽകിയേക്കാം. ഇത് പെട്ടെന്നുള്ള ഒരു ആഭ്യന്തര തകർച്ചയിലേക്കോ, അല്ലെങ്കിൽ നിർബന്ധിത വിട്ടുവീഴ്ചകളിലേക്കോ നയിക്കാൻ സാധ്യതയുണ്ട്.

## സാഹചര്യം 2: ദീർഘകാല സംഘർഷം
**(80 ശതമാനം സാധ്യത)**

ദൗർഭാഗ്യവശാൽ എന്റെ മോഡൽ അനുസരിച്ച്, സംഘർഷം നീണ്ടുനിൽക്കാൻ 80 ശതമാനം സാധ്യതയുണ്ട്.

ഗ്രേറ്റ് പവർ സൈക്കിളിലെ അത്തരമൊരു ഘട്ടത്തിലാണ് നാം ഇപ്പോൾ ഉള്ളത്. അവിടെ പ്രബലശക്തികളും വളർന്നുവരുന്ന ശക്തികളും തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കുകയോ, നിയന്ത്രിക്കുകയോ ചെയ്യുന്നത് അങ്ങേയറ്റം പ്രയാസകരമായി മാറുന്നു.

- **കരസേന നീക്കങ്ങളുടെ തീവ്രത:** യുദ്ധം നീണ്ടുപോകുമ്പോൾ, കരസേനയെ ഉൾപ്പെടുത്തിയുള്ള പോരാട്ടങ്ങൾ വർധിക്കാൻ വലിയ സാധ്യതയുണ്ട്. ആഗോള ഊർജ ഗതാഗതം സുരക്ഷിതമാക്കുന്നതിനായി ഹോർമുസ് കടലിടുക്കോ ഖാർഗ് ദ്വീപുകളോ പിടിച്ചെടുക്കാൻ ഒരു നേരിട്ടുള്ള യുദ്ധത്തിന് അമേരിക്ക നിർബന്ധിതരായേക്കാം.
- **കയറ്റുമതി ഘടകം:** ഇറാൻ ഇപ്പോഴും എണ്ണ കയറ്റുമതി വിജയകരമായി നടത്തുന്നുണ്ട്. ഇത് അവർക്ക് യുദ്ധം ദീർഘകാലം തുടരാനുള്ള സാമ്പത്തിക കരുത്ത് നൽകും. എന്നാൽ അവരുടെ പ്രധാന കയറ്റുമതി കേന്ദ്രങ്ങൾ പിടിച്ചെടുത്ത് സാമ്പത്തികമായി ഞെരുക്കി യുദ്ധം അവസാനിപ്പിക്കാൻ അമേരിക്ക ശ്രമിച്ചേക്കാം.

## ആഗോള പ്രത്യാഘാതങ്ങൾ

ഈ യുദ്ധം തുടരുകയാണെങ്കിൽ, എന്റെ മാതൃകയിലെ 'പ്രത്യാഘാതങ്ങൾ' (effects) എന്ന വിഭാഗം സൂചിപ്പിക്കുന്നത് കടുത്ത പ്രയാസങ്ങളെയാണ്.

- **ആഗോള സമ്പദ്‌വ്യവസ്ഥ:** വലിയൊരു ഊർജ പ്രതിസന്ധി ഉണ്ടാകാം. ക്രൂഡ് ഓയിൽ വില ബാരലിന് 150 ഡോളറിലേക്ക് ഉയർന്നേക്കാം. ഇത് ലോകത്തെ സാമ്പത്തിക മാന്ദ്യത്തിലേക്ക് നയിക്കും.
- **അമേരിക്കയുടെ പ്രതിരോധ മാർഗങ്ങൾ:** ഇത്തരം പ്രശ്നങ്ങളിൽ ചിലതിനെ പ്രതിരോധിക്കാൻ അമേരിക്കക്ക് കഴിയും. എണ്ണ കയറ്റുമതി രാജ്യമെന്ന നിലയിൽ പ്രസിഡന്റ് ട്രംപിന് എണ്ണ കയറ്റുമതി നിരോധിക്കാനാവും. ഇത് ആഭ്യന്തര വിതരണം കൂടാനും അമേരിക്കൻ വ്യവസായങ്ങൾക്ക് കുറഞ്ഞ നിരക്കിൽ എണ്ണ ലഭ്യമാക്കാനും സഹായിക്കും.
- **ഇന്ത്യ:** ഇന്ത്യ ഇരട്ട പ്രഹരങ്ങളാണ് നേരിടുന്നത്. കുതിച്ചുയരുന്ന എണ്ണ വിലയുടെ അമിതഭാരം താങ്ങുന്നതോടൊപ്പം ഗൾഫ് രാജ്യങ്ങളിലെ പ്രവാസി സമൂഹത്തിനുണ്ടാകുന്ന വലിയ തോതിലുള്ള സാമൂഹികവും യാത്ര സംബന്ധവുമായ തടസങ്ങൾ പരിഹരിക്കാനും ഇന്ത്യ നിർബന്ധിതമാകും.
- **ജിസിസി രാജ്യങ്ങൾ:** ഗൾഫ് രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം 'സുരക്ഷിത കേന്ദ്രം' എന്ന അവരുടെ സങ്കൽപത്തെയാണ് യുദ്ധം തകർക്കുന്നത്.

എണ്ണ കയറ്റുമതി തടസപ്പെടുന്നതും നിക്ഷേപങ്ങൾ പിൻവലിക്കപ്പെടുന്നതുമൊക്കെ ഈ മേഖലയെ സാമ്പത്തിക മാന്ദ്യത്തിലേക്ക് തള്ളിയിടാൻ സാധ്യതയുണ്ട്. ■

*ഈ പ്രവചനങ്ങൾ നടത്തുന്നതിലൂടെ ഞാൻ വലിയൊരു റിസ്ക് എടുക്കുകയാണെന്ന് അറിയാം. ഇവയിൽ ചിലത് തെറ്റിപ്പോയെന്നും വരാം. എന്നിരുന്നാലും, ഈ ലേഖനങ്ങൾ വായനക്കാരുടെ ഭാവി കണക്കുകൂട്ടലുകൾക്കും സ്വന്തമായ പ്രവചനങ്ങൾക്കും സഹായിക്കുമെന്നാണ് പ്രതീക്ഷ.*